# XIII പട്ടികവർഗ്ഗ വികസന ഓഫീസ്, കാസറഗോഡ്

സ്വാതന്ത്ര്യലബ്ധിക്കുശേഷം പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള പദ്ധതികൾ ആദ്യകാലങ്ങളിൽ നടപ്പാക്കിയിരുന്നത് പട്ടികജാതി വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായിട്ടായിരുന്നു. പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ അവർ പരമ്പരാഗതമായി ആചരിച്ചു വന്നിരുന്ന പ്രത്യേക ഗോത്ര സംസ്കാരത്തിന് കോട്ടം തട്ടാത്ത രീതിയിലും അതേ സമയം കാലത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ചും ആയിരിക്കേണ്ടതാണ്. ഇവരെ സമൂഹത്തിലെ ഇതര വിഭാഗത്തോടൊപ്പം വികസനകാര്യത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്. പട്ടികവർഗക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനോ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനോ മേൽ സൂചിപ്പിച്ച സംവിധാനത്തിൽ കഴിഞ്ഞിരുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് അഞ്ചാം പദ്ധതിയുടെ ആദ്യവർഷം മുതൽ (1974-75) പട്ടികവർഗക്കാർക്ക് മാത്രമായിട്ടുള്ള പട്ടികവർഗ ഉപപദ്ധതി (റ്റി.എസ്.പി) സംസ്ഥാനത്ത് ആവിഷ്ക്കരിച്ച് നടപ്പാക്കിത്തുടങ്ങിയത്. പട്ടികവർഗ ഉപപദ്ധതിയുടെ ഭാഗമായി സംസ്ഥാന ബജറ്റിൽ വിവിധ വികസന വകുപ്പുകളുടെ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തുമ്പോൾ പട്ടികവർഗ്ഗ ജനസംഖ്യ 1.4% ആയിരുന്നെങ്കിലും 2% തുക വകയിരുത്തിയിരുന്നു. 2014-15 വർഷം മുതൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 3% ഓളം പട്ടികവർഗ ഉപപദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഇതര ജനവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രത്യേകം ഗോത്രങ്ങളായി പട്ടികവർഗക്കാർ അധിവസിച്ചു വരുന്നതിനാൽ ജനസംഖ്യാനുപാതികമായി അവരുടെ ക്ഷേമ വികസനത്തിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം ഓരോ പട്ടികവർഗ്ഗ പ്രദേശത്തിനും അവശ്യം വേണ്ട ഭൗതിക സജ്ജീകരണങ്ങൾക്കും, സാമ്പത്തിക വികസനത്തിനും അവരുടെ തനതു സാംസ്കാരിക സവിശേഷതയ്ക്ക് കോട്ടം വരുത്താതെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുണ്ട്. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുവേണ്ടി 1975-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

2011-ൽ ജനസംഖ്യാ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 4,84,839 പട്ടികവർഗ്ഗക്കാർ ഉള്ളതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഇത് സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 1.45 ശതമാനമാണ്. 2011-ലെ സെൻസസ് പ്രകാരം പട്ടികവർഗക്കാരുടെ സാക്ഷരതാ നിരക്ക് 64.35 ശതമാനമാണ്. എന്നാൽ ദേശീയ നിരക്ക് 47.08 ശതമാനം മാത്രമാണ്. 621 കുടുംബങ്ങളിലായി 2278 പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഇടുക്കി ജില്ലയിലെ ഇടമലക്കുടി എന്ന പ്രദേശത്ത് ആദ്യത്തെ ട്രൈബൽ പഞ്ചായത്ത് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. 2008-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ സർവ്വേ പ്രകാരം 1,07,965-ൽ അധികം പട്ടികവർഗ്ഗ കുടുംബങ്ങളാണ് സംസ്ഥാനത്തുള്ളത്. പട്ടികവർഗ്ഗ ലിസ്റ്റ് ഭേദഗതി വരുത്തിയപ്പോൾ നിലവിലുണ്ടായിരുന്ന മറാട്ടി വിഭാഗത്തെ ഒഴിവാക്കുകയും പട്ടികജാതി വിഭാഗക്കാരായിരുന്ന മാവിലൻ, വേട്ടുവൻ തുടങ്ങിയ വിഭാഗങ്ങളെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തതിന് പ്രകാരം

30,000-ൽ കൂടുതൽ ആളുകൾ പട്ടികവർഗ്ഗ ജനസംഖ്യയിൽ കൂടുതലായി വന്നിട്ടുണ്ട്. കാസറഗോഡ് ജില്ലയിൽ മാവിലൻ, മലവേട്ടുവൻ കൂട്ടിചേർക്കൽ മറാട്ടി ഒഴിവാക്കൽ പ്രക്രിയയിലൂടെ 17094 പേരുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതേ സമയം 2014 മുതൽ മറാട്ടി സമുദായത്തെ വീണ്ടും പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവർ സർവെയിൽ ഉൾപെട്ടിട്ടുമില്ല.

തലമുറകളായി സാമൂഹ്യജീവിതത്തിന്റെ പൊതുധാരയിൽ നിന്നും വേറിട്ട് കഴിയുന്നവരാണ് പട്ടികവർഗക്കാർ. വനാന്തരങ്ങളിൽ ജീവിതവും ബാഹ്യലോകവുമായുള്ള അകൽച്ചയും മൂലം ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവർ പിൻനിരയിലായി. ചരിത്രപരമായ കാരണങ്ങളാൽ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിലൊക്കെത്തന്നെ പിന്തള്ളപ്പെട്ടുപോയ ഈ കാടിന്റെ മക്കൾക്ക് സ്വതന്ത്രഭാരതം അതിന്റെ ഭരണഘടനയിൽ തന്നെ പ്രത്യേക അവകാശങ്ങൾ കൽപ്പിച്ചുനൽകിയിട്ടുണ്ട്. നൂറ്റാണ്ടുകളുടെ അകൽച്ച സൃഷ്ടിച്ച സമസ്ത മേഖലകളിലുമുള്ള പിന്നോക്കാവസ്ഥ മാറ്റിയെടുക്കുവാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ (പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി) ഇതിനകം ഒട്ടേറെ പരിപാടി നടപ്പിലാക്കിയെങ്കിലും ലക്ഷ്യത്തിലെത്താൻ ഇനിയും ഏറെ കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. നിലവിൽ കണ്ടെത്തുന്ന പോരായ്മകൾ പരിഹരിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നു.

തദ്ദേശീയ ജനതയുടെ അവകാശ സംരക്ഷണത്തിനും അതിജീവനത്തിനും വേണ്ടി, അവരുടെ അന്തസും സംസ്ക്കാരവും നിലനിർത്തുന്നതിനും സത്വരസംരക്ഷണം, പാരമ്പര്യഭൂമി, സൗകര്യങ്ങൾ, വിഭവങ്ങൾ, പാരമ്പര്യ അറിവുകൾ എന്നിവയുടെ സംരക്ഷണം ലോകത്തിന്റെ കടമയാണെന്നും അതോടൊപ്പം പുതിയ കാലത്തെ വിദ്യാഭ്യാസം, സംസ്ക്കാരം, ആരോഗ്യപരിപാലനം, ആധുനികജീവിത സൗകര്യങ്ങൾ എന്നിവ തദ്ദേശീയ ജനതക്ക് അനുഭവ വേദ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് പട്ടികവർഗ്ഗ വികസന പദ്ധതി പ്രവർത്തനങ്ങൾ ഇനിയും തുടരേണ്ടതുണ്ട്.

## 2026- പട്ടികവർഗ്ഗ സ്ഥിതി വിവരം (പട്ടികവർഗ്ഗ പ്രമോട്ടർമാർ മുഖേന ശേഖരിച്ചത്)

| | |
|---|---|
| ജനസംഖ്യ | 82080 |
| കുടുംബം | 21745 |
| ഉന്നതികൾ | 1276 |
| വീടുകൾ | 15649 |
| റോഡ് സൗകര്യം | 808 |
| വാസയോഗ്യമല്ലാത്ത വീടുകൾ | 3123 |
| ഭൂമിയുള്ള ഭവന രഹിതർ | 1625 |
| ഭൂരഹിത ഭവന രഹിതർ | 878 |
| വൈദ്യുതി എത്തിയ ഊരുകൾ | 1209 |
| സർവെയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ വിഭാഗങ്ങൾ | കൊറഗ, മറാട്ടി, മാവിലൻ, കുടിയ, മലവേട്ടുവൻ, മലവേടൻ, ഉള്ളാടൻ മലയരയ, കരിമ്പാലൻ |

## പ്രധാന നേട്ടങ്ങൾ

- 1996 മുതൽ (ഭരണഘടന ഭേദഗതി-73,74) അധികാര വികേന്ദ്രീകരണം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടി പട്ടികവർഗ വികസനത്തിൽ പങ്കാളിത്തം.
- 1996-ൽ പെസ-പഞ്ചായത്ത് എക്സ്റ്റൻഷൻ ടു ദി ഷെഡ്യൂൾഡ് ഏരിയ നിയമം നിലവിൽ വന്നു.
- 1999-ൽ കേന്ദ്രസർക്കാരിന്റെ ട്രൈബൽ മന്ത്രാലയം നിലവിൽ വന്നു.
- 2001-ൽ ആദിവാസി പുനരധിവാസ വികസന മിഷൻ രൂപവൽക്കരിച്ചു.
- 2003-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമസഭക്ക് പുറമെ ഊരുകൂട്ടം സംവിധാനം നിലവിൽ വന്നു.
- 2008-ൽ വനാവകാശ നിയമങ്ങളുടെ ചട്ടങ്ങൾ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചു.
- 2008-ൽ കേരള സംസ്ഥാന പട്ടികവർഗ ഗോത്ര കമ്മീഷൻ രൂപവൽക്കരിച്ചു.
- 2009ൽ 13-ാം ധനകാര്യ കമ്മീഷൻ പ്രത്യേക ദുർബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള 149 കോടിയുടെ പ്രോജക്റ്റ് ആരംഭിച്ചു. ആയതിന്റെ പ്രയോജനം ജില്ലയിലെ 1942 കൊറഗ ജനവിഭാഗത്തിന് ലഭിച്ചു.
- കാസറഗോഡ് ജില്ലയിൽ 2023 മുതൽ വനാവകാശ നിയമം നടപ്പിലാക്കി വരുന്നു.
- കൊറഗ സമുദായങ്ങൾക്ക് 2024 മുതൽ പി.എം.ജൻമൻ പദ്ധതി പ്രകാരം എല്ലാ മേഖലകളിലും വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.
- പട്ടയം ലഭ്യമാകാത്തതോ നഷ്ടപ്പെട്ടതോ ആയ പട്ടികവർഗ്ഗക്കാർക്ക് പട്ടയം ലഭ്യമാക്കുന്ന പദ്ധതിയായ ഓപ്പറേഷൻ സ്മൈൽ പദ്ധതി 2025 മുതൽ നടപ്പിലാക്കി വരുന്നു. ഇതിലൂടെ ആദ്യഘട്ടത്തിൽ 262 കൊറഗ കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചു.

## വിദ്യാഭ്യാസം

### 1) പ്രീമെട്രിക് വിദ്യാഭ്യാസം

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചുവരുന്ന പദ്ധതിയാണിത്.

ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈഫന്റ് എന്നിവയുടെ നിരക്ക്

| ക്രമ നം. | വിഭാഗം | ലംപ്സം ഗ്രാന്റ് | പ്രതിമാസ സ്റ്റൈഫന്റ് |
|---|---|---|---|
| 1 | എൽ.പി വിഭാഗം I മുതൽ IV വരെ | 750 | 200 |
| 2 | യു.പി വിഭാഗം V മതൽ VII വരെ | 900 | 200 |
| 3 | ടഹൈസ്ക്കൂൾ വിഭാഗം | 1000 | 200 |

### 2) പോസ്റ്റ്മെട്രിക് പഠനം

പത്താം ക്ലാസ് പഠനം പൂർത്തിയാക്കി വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും. ലംപ്സം ഗ്രാന്റും, സ്റ്റൈഫന്റും നൽകുന്നു. യൂണിവേഴ്സിറ്റി അംഗീകരിച്ച എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നു. വിവിധ കോഴ്സുകൾക്ക് വ്യത്യസ്ത നിരക്കിലാണ് ലംപ്സം ഗ്രാന്റ് നൽക്കുന്നത്. 8 കിലോ മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 800/- രൂപയും, 8 കി.മീ പുറത്ത് താമസിക്കുന്നവർക്ക് 900/- രൂപയും പ്രതിമാസ സ്റ്റൈഫന്റ് നൽകി വരുന്നു.

## പ്രീമെട്രിക് & പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടം ബേഡഡുക്കയിൽ പൂർത്തിയായി. രാവണീശ്വരം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിച്ചു. പനത്തടി പ്രീമെട്രിക് ഹോസ്റ്റൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. വാണിനഗർ പ്രീമെട്രിക് ഹോസ്റ്റൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

## ആശ്രമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ

കാസർഗോഡ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 410 കുട്ടികൾക്ക് പഠിക്കുന്നതിന് സൗകര്യമുണ്ട്.

പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾക്കായി സാവിത്രിഭായ് ഫൂലെ മെമ്മോറിയൽ ആശ്രമം സ്കൂളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ ഇംഗ്ലീഷ് മാധ്യമത്തിൽ 35 വീതം കുട്ടികൾക്ക് പഠന സൗകര്യം ലഭ്യമാണ്. ഇതിനായി ബേഡഡുക്ക

ഗ്രാമപഞ്ചായത്തിലെ വലിയപാറയിൽ സ്വന്തം സ്കൂൾ കെട്ടിടം നിർമ്മാണ പൂർത്തിയായി. 2025-26 വർഷം 239 കുട്ടികൾ (ആൺകുട്ടികളും, പെൺകുട്ടികളും).

ഏകലവ്യ സ്പോർട്സ് മോഡൽ റെസിഡൻഷ്യൽ സ്കൂൾ കരിന്തളത്ത് 2022-ൽ ആരംഭിച്ചു.

## വിദ്യാവാഹിനി പദ്ധതി

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്ക് തടയാനും, അവരെ പഠനത്തിൽ ഉത്സുകരാക്കാനും വേണ്ടി വാസ സ്ഥലത്ത് നിന്നും സ്കൂളിൽ പോയി വരാൻ യാത്രസൗകര്യമൊരുക്കി നൽകുന്ന പദ്ധതിയാണ് വിദ്യാവാഹിനി. 2024-25 അധ്യായനവഷം ഈ ഓഫീസിനു കീഴിൽ കാസർഗോഡ്, എൻമകജെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പരിധികളിലായി ആകെ 35 സ്കൂളികളിൽ നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

## അയ്യങ്കാളി സ്കോളർഷിപ്പ്

സർക്കാർ എയ്ഡഡ് സ്കൂളികളിലെ 4-ാം ക്ലാസിൽ പഠിക്കുന്ന സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയുടെ അടിസ്ഥാനത്തി. തിരഞ്ഞെടുത്ത് ഇവർക്ക് 4-ാം ക്ലാസു മുതൽ 10 -ാം ക്ലാസുവരെ സ്കോളർഷിപ്പ് നൽകുന്നതോടൊപ്പം പുസ്തകം, പഠനസാമഗ്രികൾ, പ്രതിമാസ സ്റ്റൈപ്പന്റ് എന്നീ ആനുകൂല്യങ്ങളും വിദ്യാർത്ഥികളുടെയും, മാതാപിതാക്കളുടെയും, ബോധതലം ഉയർത്താൻ സെമിനാർ നടത്തുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. യു.പി ക്ലാസി. പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് 5000/- രൂപയും ഹൈസ്കൂൾ ക്ലാസിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും 5500/- രൂപയും സ്കോളർഷിപ്പായി ഓരോ അധ്യയന വർഷവും ലഭിക്കുന്നു.

## വസ്ത്ര വിതരണം

ട്രൈബൽ സ്കൂളുകളിലും വെൽഫയർ സ്കൂളുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ എൽ.പി വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങുന്നതിനുള്ള തുക നൽകി വരുന്നു.

## സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

അക്കാദമിക് കലാകായിക മത്സരങ്ങളിൽ ഉന്നതവിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. എസ്.എസ്.എൽ.സി, പ്ലസ്ടു ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 4000/-, 5000/- രൂപയും ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണം പ്രൊഫണഷൽ. കോഴ്സ് തുടങ്ങിയവയിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാക്രമം 4500, 6000/- എന്നീ രൂപ നിരക്കിൽ പ്രത്യേക പ്രോത്സാഹന സമ്മാനം നൽകി വരുന്നു.

## ലാപ്ടോപ്പ് വിതരണം

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ പഠനവിഷയമായതോ, അത്യന്താപേക്ഷിതമായതോ ആയ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് ഒന്ന്, രണ്ട് വർഷങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകി വരുന്നു. ടെക്നിക്കൽ, നോൺ ടെക്നിക്കൽ കോഴ്സുകൾക്കാണ് ലാപ്ടോപ്പ് നൽകി വരുന്നത്.

## സ്മാർട്ട് പഠനമുറി

സർക്കാർ /എയ്ഡഡ് സ്പെഷ്യൽ ടെക്നിക്കൽ സ്കൂൾ കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ 8 മുതൽ പ്ലസ്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് ആധുനിക സൌകര്യങ്ങളോടുകൂടിയ പഠനമുറി നിർമ്മിക്കുന്ന പദ്ധതി.

## സാമൂഹ്യ പഠനമുറി

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികവഗ്ഗ കോളനികളിൽ 'സാമൂഹ്യ പഠമുറി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സാമൂഹ്യപുരോഗതിയുടെ ചാലകശക്തിയായ വിദ്യാഭ്യാസത്തിലൂടെ പട്ടികവർഗ്ഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്നതു വഴി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്, ഭാഷാപരമായ പ്രശ്നങ്ങൾ എന്നിവ പരിഹരിക്കപ്പെടുന്നു. ഈ ഓഫീസിനു കീഴിൽ നിലവിൽ നീലേശ്വരം, കാസർഗോഡ്, എൻമകജെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പരിധികളിലായി ആകെ 19 പഠനമുറികൾ പ്രവർത്തിച്ചു വരുന്നു. പഠനമുറി പ്രവർത്തിക്കുന്ന ഉന്നതികളിലെ ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ള പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ പഠനമുറികളിലെ ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്നു.

## ഭാരത ദർശൻ (പ്രത്യേക ദുർബല ഗോത്ര വിഭാഗം), സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര

പി.വി.ടി.ജി വിഭാഗത്തിൽപ്പെട്ട പത്താം തരം പാസ്സായി തത്പരരായ മുഴുവൻ കുട്ടികൾക്കും ഇന്ത്യയിലെ ചരിത്ര പ്രാധാന്യമുള്ള വിവിധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കുന്ന പദ്ധതിയാണ് ഭാരതദർശൻ. ഭാരത ദർശൻ പരിപാടിക്കു പുറമെ പഠനത്തിൽ മികവ് പുലർത്തുന്ന പ്ലസ്ടുവിലും ഡിഗ്രി ക്ലാസ്സിലും, ബിരുദാനന്തര ബിരുദത്തിനും പ്രൊഫഷണൽ ഡിഗ്രി ഡിപ്ലോമ കോഴ്സുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠന വിനോദയാത്രക്കു വേണ്ടിയുള്ള യഥാർത്ഥ ചെലവ് ഈ പദ്ധതിയിൽ അനുവദിച്ചു നൽകുന്നു.

## ഊരുകൂട്ടങ്ങൾ

എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും ഊരുകൂട്ടങ്ങൾ കൂടുന്നതിനും ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലനം നൽകുന്നതിനും ലക്ഷ്യമിട്ടുള്ളതാണ് ഈ പദ്ധതി. സൂക്ഷ്മ തലത്തിലുള്ള ആസൂത്രണം, സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിലും മോണിറ്ററിംഗിലും പങ്കാളിത്തം വർദ്ധിപ്പിക്കൽ, പദ്ധതികൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ എന്നിവ ഊരുകൂട്ടം നിർവ്വഹിക്കേണ്ടതാണ്.

## പട്ടികവർഗ്ഗ പ്രൊമോട്ടർമാർ

പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളിൽ വികസനത്തിന്റെ കണ്ണിയായി പ്രവർത്തിക്കുക, പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സിംഗിൾ വിൻഡോ ആയി പ്രവർത്തിക്കുക ഗുണഭോക്താക്കളെ ബോധവൽക്കരിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി എല്ലാ ജില്ലയിലും പ്രൊമോട്ടർമാരെ നിയമിക്കുന്നു.

## കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ

പ്രതിബദ്ധതയുള്ള സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തി പട്ടികവർഗ്ഗക്കാർക്കിടയിൽ കൗൺസിലിംഗ് നടത്തുക, സെമിനാറുകൾ സംഘടിപ്പിക്കുക, മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗത്തിന്റെ ദോഷവശങ്ങൾ മനസി ലാക്കി കൊടുക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

## ഇന്റർനെറ്റ് കണക്റ്റിവിറ്റി

ഓൺലൈൻ വിദ്യാഭ്യാസം വ്യാപകമായതോടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആയതു ലഭ്യമാക്കുന്നതിനായി എല്ലാ കോളനികളിലും കണക്റ്റിവിറ്റി ലഭ്യമാക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചു.

## കേരള ട്രൈബൽ പ്ലസ്

തൊഴിൽ കാർഡ് ലഭ്യമായ എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഉറപ്പു വരുത്തിയിട്ടുള്ള 100 ദിവസത്തിനു പുറമെ 100 ദിവസം കൂടി അധികമായി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

## ലാന്റ് ബാങ്ക് പദ്ധതി

ഭൂഉടമകളിൽ നിന്ന് സർക്കാർ ഭൂമി ഏറ്റെടുത്ത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകുന്ന പദ്ധതിയാണ് ലാന്റ് ബാങ്ക് പദ്ധതി. കാസർഗോഡ് ജില്ലയിൽ 69 പേർക്ക് ലാന്റ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി 19.56 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന പദ്ധതി

തീർത്തും ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനനിർമ്മാണത്തിന് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി. ഗ്രാമപഞ്ചായത്ത് പരിധിയിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനായി ആകെ 3,75,000/- രൂപ, നഗരസഭ/കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് വാങ്ങുന്നതിനായി യഥാക്രമം 4,50,000/- രൂപ, 6,00,000/- രൂപ എന്ന ക്രമത്തിൽ ധനസഹായം അനുവദിക്കുന്നു.

## സേഫ് പദ്ധതി

ജീർണ്ണിച്ച വീടുകൾ നവീകരിക്കുന്നതിനും പൂർത്തിയാകാത്ത വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുമാണ് സേഫ് പദ്ധതി ലക്ഷ്യമാക്കുന്നത്. സർക്കാർ മാനദണ്ഡപ്രകാരം 2006 ഏപ്രിൽ 1ന് ശേഷം പൂർത്തീകരിച്ചതും എന്നാൽ 2020 ഏപ്രിൽ 1ന് ശേഷം വീടുകളുടെ നവീകരണത്തിനോ വീടുകൾ പൂർത്തീകരിക്കുന്നതിനോ സർക്കാർ ധനസഹായം ലഭിക്കാത്തും 2.50 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരെയുമാണ് സേഫ് പദ്ധതിയുടെ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത്.

## ഫുഡ് സപ്പോർട്ട് പ്രോഗ്രാം

പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി പട്ടികവർഗ്ഗ മേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ്. മൺസൂൺ പ്രകൃതിക്ഷോഭങ്ങൾ അത്യാഹിതങ്ങൾ തുടങ്ങി പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ഇല്ലാത്ത സമയങ്ങളിൽ അവർക്ക് പോഷകാഹാരവും ഭക്ഷ്യസുരക്ഷയും ഈ പദ്ധതിയിലൂടെ ഉറപ്പു വരുത്തുന്നു.

## കോർപ്പസ് ഫണ്ട്

പട്ടികവർഗ്ഗ ഉപപദ്ധതി സ്കീമുകളിൽ ഉണ്ടാകുന്ന ഗുരുതരമായ വിടവുകൾ നികത്തുന്നതിനുവേണ്ടിയാണ് കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നത്. സ്വയം തൊഴിൽ, നൈപുണ്യ വികസനം, ജീവനോപാധി,. ശുദ്ധജലവിതരണം, നടപ്പാലങ്ങളുടെ നിർമ്മാണം, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തൽ, വിദ്യാഭ്യാസ ആരോഗ്യപരിപാടികൾ, വൈദ്യുതീകരണം ഗതാഗതസൗകര്യങ്ങളൊരുക്കൽ, കമ്മ്യൂണിറ്റിഹാൾ നിർമ്മാണം, ലൈബ്രറി സൗകര്യമൊരുക്കൽ എന്നീ അടിസ്ഥാനസൗകര്യങ്ങൾക്ക് ഊന്നൽ നൽകി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേനയും, ജനപ്രതിനിധികൾ, മറ്റു മേഖലകളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ ജില്ലാതല ഏകോപനസമിതിയുടെ അംഗീകാരത്തിന് വിധേയമായി ജില്ലാതലത്തിൽ റോഡുകൾ, പാലങ്ങൾ ഒഴികെയുള്ള വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.

## പി.വി.റ്റി.ജി വികസനം

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ്, പൈവളിഗെ, ബെള്ളൂർ, വോർക്കാടി, മഞ്ചേശ്വരം, മധൂർ, മംഗൽപാടി, പുത്തിഗെ, കാഞ്ഞങ്ങാട്

മുൻസിപ്പാലിറ്റി എന്നിവിടങ്ങളിലെ കോളനികളിൽ 583 കുടുംബങ്ങളിലായി കൊറഗ വിഭാഗത്തിൽപ്പെട്ട 1668 ആൾക്കാർ താമസിച്ച് വരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് സർക്കാർ ഏജൻസികളും വർഷങ്ങളായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ജില്ലാ ഭരണകൂടം സജീവമായി ഇടപെടുന്നുണ്ട്. എന്നിരുന്നാലും ഇവരുടെ സുസ്ഥിര വികസനത്തിന് വ്യക്തവും, തുടർച്ചയായുള്ളതുമായി പദ്ധതി നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. എൻമകജെ, കാസർഗോഡ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ നേതൃത്വത്തിൽ കൊറഗ വിഭാഗക്കാരുടെ വിശദമായ ഡാറ്റാ ശേഖരിക്കുകയും ടി വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് ഓരോ കുടുംബത്തിന്റെ ജീവിത നിലവാരം ഉയർത്തുന്നതിന് അത്യാവശ്യമാണ്.

## കൈത്താങ്ങ്

മാതാപിതാക്കൾ സംരക്ഷിക്കാനില്ലാത്ത അനാഥരും-അശരണരുമായ പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതിയാണിത്. കുട്ടികളെ സംരക്ഷിക്കുകയും അവരെ പരിപാലിച്ച് വളർത്തുകയും ചെയ്യുന്നതിനാവശ്യമായ ചെലവ് ഈ പദ്ധതിയിലൂടെ അനുവദിക്കുന്നു. പ്രായപൂർത്തിയാകുന്നതുവരെയോ സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയോ ജീവിക്കാനും, വിദ്യാഭ്യാസത്തിനും ഈ പദ്ധതിയിലൂടെ സഹായം നൽകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി പരമാവധി പ്രതിമാസം 2000/- രൂപ വീതം 18 വയസുവരെയോ സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതുവരെയോ അനുവദിച്ചുവരുന്നു.

### ഗോത്രജീവിക

ഗോത്രജീവിക പദ്ധതിയുടെ ഭാഗമായി പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ രംഗത്ത് പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനുമായി നിർമ്മാണ മേഖലയിലെ 7 ഇനങ്ങളിലായി കെട്ടിടപ്പണി, മരപ്പണി, കെട്ടിടനിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, വയറിംഗ്, പ്ലംബിംഗ് എന്നീ മേഖലകളിലായി സി.എം.ഡിയുടെ സഹായത്തോടെ പരിശീലനം നൽകി വരുന്നു.

## വിദേശ പഠനത്തിന് ധനസഹായം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് പരമാവധി 25 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു.

## സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി

മുഴുവൻ പട്ടികവർഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് ആരോഗ്യ വകുപ്പ് വഴി പദ്ധതി നടപ്പിലാക്കി. എല്ലാ സർക്കാർ ആശുപത്രികളിലും മലബാർ കാൻസർ സെന്റർ, തലശ്ശേരി റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം ശ്രീ.ചിത്രാ മെഡിക്കൽ സെന്റർ എന്നിവിടങ്ങളിലും ചികിത്സക്കെത്തുന്ന പട്ടികവർഗക്കാർക്ക് സൗജന്യ ചികിത്സ ലഭിക്കുന്നു. **10000/-** രൂപക്ക് മുകളിൽ ചികിത്സാ ചെലവ് വരുന്ന കേസുകൾ പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു

### പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി

ഈ പദ്ധതിയുടെ ഗുണഭോക്താവിന്റെ കുടുംബവാർഷിക വരുമാനം **1,00,000/-** രൂപയിൽ താഴെ ആയിരിക്കണം

### ഏകവരുമാനദായക ധനസഹായം

കുടുംബത്തിന്റെ ഏക വരുമാനദയാകന് അപകടമരണം സംഭവിച്ചാൽ ടിയാന്റെ/ടിയാളുടെ കുടുംബത്തിന് നിബന്ധനകൾക്ക് വിധേയമായി **2,00,000/-** രൂപ വരെ ഈ പദ്ധതി വഴി അനുവദിക്കാവുന്നതാണ്. അസുഖങ്ങളെകൊണ്ട് കഷ്ടപ്പെടുന്ന പട്ടികവർഗ്ഗക്കാർക്ക് **1** ലക്ഷം രൂപ വരെ ഡോക്ടറുടെ ശുപാശയിൻമേൽ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായം നൽകിവരുന്നു.

## ജനനി ജന്മരക്ഷ

അമ്മമാരുടെയും നവജാത ശിശുകളുടെയും പോഷകാഹാര ലഭ്യത ഉറപ്പുവരുത്താൻ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജനനി-ജന്മരക്ഷ. ഗർഭിണിയായതിനുശേഷമുള്ള 3-ാം മാസം മുതൽ കുട്ടിയ്ക്ക് ഒരു വയസ് പൂർത്തിയാകുന്നതുവരെയുള്ള 18 മാസക്കാലം 2000 രൂപ വീതം ഓരോ മാസത്തിലും ഈ പദ്ധതി വഴി നൽകി വരുന്നു. തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നൽകുന്നു.

## സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റുകൾ

ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ആധുനിക സൗകര്യങ്ങൾ അടങ്ങിയ മൊബൈൽ മെഡിക്കൽ ക്ലീനിക്കുകൾ ഊരുകളിലെത്തി ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നുണ്ട്.

## സാമൂഹ്യ സാമ്പത്തിക ഉന്നമന പരിപാടികൾ

ജില്ലയിൽ കൊറഗ വിഭാഗത്തിന് മാത്രമായി പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നു. ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന കൊറഗ കോളനി സമഗ്രവികസനം പദ്ധതിയിൽ വികസനം, പോഷകാഹാരം എന്നിവ ഉറപ്പു വരുത്തുന്നു. 1942 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

## ഹാംലെറ്റ്/അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

പിന്നോക്കം നിൽക്കുന്ന സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തി ഒരു ഉന്നതിയ്ക്ക് ഒരു കോടി രൂപ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി.

| വർഷം | കോളനികളുടെ എണ്ണം | നിലവിലെ സ്ഥിതി |
|---|---|---|
| 2013-14 | 2 | പൂർത്തീകരിച്ചു |
| 2014-15 | 2 | പൂർത്തീകരിച്ചു |
| 2017-18 | 5 | പൂർത്തീകരിച്ചു |
| 2020-21 | 5 | പ്രവർത്തി നടന്നുവരുന്നു |
| 2022-23 | 7 | പ്രവർത്തി നടന്നുവരുന്നു |
| 2024-25 | 3 | പ്രവർത്തി ആരംഭിച്ചിട്ടില്ല |
| 2025-26 | 2 | പ്രവർത്തി ആരംഭിച്ചിട്ടില്ല |

## ഗോത്രവാത്സല്യ നിധി

പട്ടികവർഗ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കൽ, കഴിവ് മെച്ചപ്പെടുത്തുക, സാമൂഹ്യ പദവി ഉയർത്തുക, കൊഴിഞ്ഞുപോക്ക് തടയുക എന്നീ കാര്യങ്ങൾക്ക് വേണ്ടി ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന പദ്ധതിയാണിത്. യഥാസമയം അപേക്ഷ നൽകിയ 01.04.2017 മുതൽ ജനിച്ച പെൺകുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും.ഇൻഷ്വർ ചെയ്യപ്പെടുന്ന പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ഈ ദീർഘകാല നിക്ഷേപ പദ്ധതി അവസാനിക്കുന്നു

## പട്ടികവർഗ വിഭാഗങ്ങളുടെ ഡാറ്റാബേസും സർവെ റിപ്പോർട്ടും

പട്ടികവർഗക്കാരുടെ സമഗ്ര വിവരങ്ങൾ ശേഖരിച്ച് ആസൂത്രണ പ്രവർത്തന നടത്തുന്നതിനായി ആരംഭിച്ച ഇ-സർവെ പൂർത്തീകരണ ഘട്ടത്തിലാണ്.

## വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ

- ട്രൈബൽ ഡവലപ്മെന്റ് ഓഫീസ്-2
- പ്രീമെട്രിക് ഹോസ്റ്റൽ (ആൺകുട്ടികൾ)- 4
- പ്രീമെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ)- 1
- പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺകുട്ടികൾ)- 1
- മോഡൽ റസിഡൻഷ്യൽ സ്കൂൾ (ഗേൾസ്)- 1
- ആശ്രമം സ്കൂൾ (ആൺ/പെൺ)- 1
- ആയുർവേദ ഡിസ്പൻസറി - 1
- ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്- 5
- ഏകലവ്യ സ്പോർട്സ് മോഡൽ റെസിഡൻഷ്യൽ സ്കൂൾ,കരിന്തളം-1

## ലൈഫ് മിഷൻ Phase –I

പൂർത്തികരിച്ച വീടുകൾ- 618 (പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന)
21 (ജില്ലാ പഞ്ചായത്ത് മുഖേന)

| ലൈഫ് മിഷൻ Phase –II | അഡീഷണൽ ലിസ്റ്റ് |
|---|---|
| അർഹരായവർ - 827 | അർഹരായവർ - 2283 |
| പൂർത്തീകരിച്ച വീടുകൾ - 810 | |
| വിവിധഘട്ടങ്ങളിൽ - 17 | |

| ലൈഫ് മിഷൻ Phase –III | അഡീഷണൽ ലിസ്റ്റ് |
|---|---|
| ഭൂമി ലഭ്യമാക്കിയത് - 122 | ഭൂമി ലഭ്യമായത്-89 |
| അർഹരായവർ - 122 | അർഹരായവർ - 873 |
| പൂർത്തിയായത് - 60 | |
| വിവിധ ഘട്ടങ്ങളിൽ - 40 | |

## ജില്ലാ പഞ്ചായത്ത് പദ്ധതികൾ

- കോളനി സമഗ്ര വികസനം പദ്ധതിയിൽ ഉൾപ്പെടുത്തി 400-ലധികം വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.
- നിരവധി പട്ടികവർഗ കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കി.
- കമ്മ്യൂണിറ്റി ഹാളുകളിൽ ഫർണിച്ചർ വിതരണം ചെയ്തു.
- വിദേശത്ത് പോകുന്നവർക്ക് ധനസഹായം അനുവദിച്ചു.
  (2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ 4 ഗുണഭോക്താക്കൾക്ക് വീതം ധനസഹായം അനുവദിച്ചു.)
- പ്രോഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് ധനസഹായം അനുവദിച്ചു.
- നിർജീവമായ സ്വയം സഹായ സംഘങ്ങളെ പുനരുജ്ജീവിപ്പിച്ച് ധനസഹായം നൽകി വരുമാനം ലഭ്യമാക്കി.
- ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 1097 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം നൽകി.
- കൊറഗ വിഭാഗ ഉന്നമനത്തിന് പോഷകാഹാര വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 585 പേർക്ക് പോഷകാഹാരം വിതരണം നടത്തി. കൊറഗ വിഭാഗത്തിൽപ്പെട്ട 17 യുവതി/യുവാകൾക്ക് തൊഴിലോടു കൂടിയ പരിശീലനം നൽകി ഇതിൽ 13 പേർക്ക് തൊഴിൽ ലഭ്യമാക്കി.
- 9,10,11 ക്ലാസുകളിലെ 250 വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി നടപ്പിലാക്കി.
- പട്ടികവർഗ കോളനികളിൽ ഇലക്ട്രിക് ലൈൻ വ്യാപനം പദ്ധതി നടപ്പിലാക്കി.
- പട്ടികവർഗ്ഗ കോളനികളിൽ റോഡ്, നടപ്പാത, കമ്മ്യൂണിറ്റിഹാൾ പദ്ധതി നടപ്പിലാക്കി- ജില്ലയിലെ പൂക്കുന്നത്ത്പാറ, പൂക്കുന്നത്ത്, പഞ്ഞ എന്നീ കോളനികളിൽ

കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം നടത്തി. ദേലമ്പാടി ഗ്രാമപഞ്ചായത്തിലെ മിത്തോടി മുണ്ടോൾ കജ്ജെ. കാട്ടികജ്ജെ പട്ടികവർഗ്ഗ കോളനികളിൽ നടപ്പാത കോൺക്രീറ്റ് പൂർത്തികരിച്ചു. ചുള്ളിക്കൊച്ചി നടപ്പാലം നിർമ്മാണത്തിനായി തുക വകയിരുത്തി.

- 12 കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളിൽ സോളാർ പാനൽ സ്ഥാപിച്ചു.
- ഗോത്രവാഹിനി പദ്ധതിയിലൂടെ 15 സ്കൂളുകളിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 1853 വിദ്യാർത്ഥികൾക്ക് യാത്രസൗകര്യം ഏർപ്പെടുത്തി കൊഴിഞ്ഞുപോക്ക് തടയുന്നതിന് സാധിച്ചു.
- ജില്ലയിലെ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് നൈപുണ്യ വികസനം പരിപാടിയുടെ ഭാഗമായി പരിശീലനവും തൊഴിലും നേടികൊടുത്തു വരുന്നു.

## 2023–24

1) പട്ടികവഗ്ഗ യൂവാക്കൾക്ക് നൈപുണ്യവികസനം

ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ യുവാക്കൾക്ക് ജോലി ലഭ്യമാക്കുന്നതിന്റെ ഭാഗമായി തലശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന NTTF സ്ഥാപനം വഴി 30 പേർക്ക് CNC-Operater (Vertical Machining Centre and Turning) എന്ന കോഴ്സ് 10 മാസത്തേക്ക് താമസ സൗകര്യം, ഭക്ഷണം. യൂണിഫോം എല്ലാ ചിലവുകൾ ഉൾപ്പെടെ 1,67,400/- രൂപ ഒരു വ്യക്തിക്ക് ചിലവഴിച്ച് മൊത്തം 50,22,000/- രൂപ ബഹുവർഷ പദ്ധതിയായി ആവിഷ്കരിച്ച് സെപ്തംബർ 2023-ൽ ക്ലാസുകൾ ആരംഭിക്കുകയും ആഗ്സ്ത് 2024ന് ക്ലാസുകൾ പൂർത്തീകരിച്ച് കോഴ്സ് പൂർത്തിയാക്കിയ 28 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 20 ലക്ഷം രൂപ 2023–24–ൽ അനുവദിക്കുകയും ബാക്കി തുക 2024–25–ൽ അംഗീകാരവും ലഭ്യമായിട്ടുണ്ട്.

2) **പട്ടികവർഗ്ഗ വനിതാ സംഘങ്ങൾക്ക് ധനസഹായം**

ജില്ലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ സ്വയംസഹായ സംഘങ്ങൾക്ക് അവരുടെ സ്ഥാപനം വിപുലീകരിക്കുന്നതിനായി 4 ലക്ഷം രൂപ (2 ലക്ഷം വീതം) 2 സംഘടനകൾക്ക് അനുവദിച്ചിരുന്നു. ചീമേനി ആസ്ഥാനമായി Jute Bag നിർമ്മാണം നടത്തുന്ന ഗോത്രജീവിക സ്വയംസഹായ സംഘം, പിലിക്കോട് പ്രവത്തിച്ചുവരുന്ന ഗോത്രജീവിക പിലിക്കോട് എന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ നൂതന Mechine-കൾ വാങ്ങിക്കുന്നതിനായാണ് തുക അനുവദിച്ചിരിക്കുന്നത്. സ്ഥാപനങ്ങൾ നല്ല നിലയിൽ പ്രവത്തിച്ചുവരുന്നു.

### 3) പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് കായിക പരിശീലനം - ദ്രോണ ഫിനിഷിംഗ് സ്കൂൾ

ജില്ലയിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് റസിഡൻഷ്യൽ സ്കൂളുകൾക്ക് തിരഞ്ഞെടുത്ത കുട്ടികൾക്ക് Foot ball Coaching നൽകുന്നതിനായി പദ്ധതി ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തിരുന്നു.

### 4) ഗോത്രവാഹിനി പദ്ധതി

2022-23 വാർഷിക പദ്ധതിയിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ദുർഘട മേഖലകളിൽ നിന്നും സ്കൂളുകളിലെത്താനും, അതുവഴി കൊഴിഞ്ഞുപോക്ക് തടയാനുമായി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഫണ്ട് ലഭ്യതക്കുറവായതിനാൽ 2022-23ൽ ബാക്കി വന്ന തുക 2023-24ൽ അനുവദിക്കുകയും ചെയ്തു. തുടർന്ന് വകുപ്പ് തന്നെ വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കിവരുന്നു.

5) പട്ടികവർഗ്ഗ വിഭാഗത്തിലെ സിവിൽ എഞ്ചിനീയറിംഗിൽ ഐ.ടി.ഐ, ഡിപ്ലോമ, ബിരുദം എന്നിവയിൽ വിജയം നേടിയവർക്ക് തൊഴിൽമേഖലകളിലെ അറിവ് നേടുന്നതിനായി ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം, ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത സ്ഥാപനങ്ങൾ എന്നിവയിൽ ഒരു വർഷത്തെ അപ്രന്റിസ്ഷിപ്പ് നൽകുന്നതിനായി (10 പേർക്ക്) ആവിഷ്കരിച്ച പദ്ധതിയാണ്. പൂർത്തീകരിച്ചിട്ടുണ്ട്.

## 2024-25

### 1) എസ്.ടി കോളനികളിലെ കമ്മ്യൂണിറ്റിഹാളുകളിൽ സോളാർവത്കരണം

ജില്ലയിലെ തിരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിലെ കമ്മ്യൂണിറ്റിഹാളുകൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനായി സോളാർ പാനൽ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

### 2) കോളനി സമഗ്രവികസനം

പട്ടികവർഗ്ഗ കോളനികളിൽ സമഗ്രവികസനം നടത്തി സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി.

**3) ഗോത്രകലാഗ്രാമം**

ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിൽ ഉൽപാദിപ്പിക്കുന്ന പരമ്പരാഗത ഉൽപ്പന്നങ്ങൾ, ഗോത്രകലകൾ അവരുടെ ഭക്ഷണരീതി എന്നിവ പ്രദർശിപ്പിക്കാനും വിപണനം നടത്തുന്നതിനുമായ ഒരു കേന്ദ്രം എന്ന നിലയിൽ വിൽപന സ്റ്റാളുകളും താമസം ഉൾപ്പെടെ സഞ്ചാരികളെ ആകർഷിക്കുന്നതിനും അവരുടെ മുമ്പാകെ കലാരൂപങ്ങൾ അവതരിപ്പിക്കാനുമുള്ള ഇടം.

**4) ഗോത്രകലാമേള ഉൽപന്ന വിപണനമേള**

ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായി കലാകായിക പ്രദശനം നടത്തുന്നതിനായിഒരു വേദി

**5) നൈപുണ്യ വികസനം**

ജില്ലയിലെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ജോലി ലഭ്യമാക്കുന്നതിനായി നൈപുണ്യ വികസനം നൽകി ജോലി നേടികൊടുക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി.

## 2025–26

**1. എസ്.ടി കോളനികളിലെ കമ്മ്യൂണിറ്റിഹാളുകളിൽ സോളാർവത്കരണം**

ജില്ലയിലെ തിരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിലെ കമ്മ്യൂണിറ്റിഹാളുകൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനായി സോളാർ പാനൽ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 10 കമ്മ്യൂണിഹാളുകളെ തെരെഞ്ഞെടുക്കുകയും പ്രവൃത്തി നടപ്പിലാക്കി വരികയും 524480/- രൂപചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**2. കോളനി സമഗ്രവികസനം**

പട്ടികവർഗ്ഗ കോളനികളിൽ സമഗ്രവികസനം നടത്തി സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ നിർമ്മിതികേന്ദ്രയെ നിർവ്വഹണ ഏജൻസിയായി തെരെഞ്ഞെടുക്കുകയും എൻമകജെ ഗ്രാമപഞ്ചായത്തിലെ ഖണ്ടിഗെ ഉന്നതിയിലെ സമഗ്രവികസനത്തിനായി 38,19,000/- രൂപയുടെയും, കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ പുണ്യംകണ്ടം ഉന്നതിയിലെ 6,60,000/- രൂപയുടെയും എസ്റ്റിമേറ്റ് അംഗീകരിക്കുകയും പ്രവൃത്തി ആരംഭിക്കുകയും 132000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

3. **നൈപുണ്യ വികസനം**

ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ യുവാക്കൾക്ക് ജോലി ലഭ്യമാക്കുന്നതിന്റെ ഭാഗമായി തലശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന NTTF സ്ഥാപനം വഴി 30 പേർക്ക് CNC-Operater (Vertical Machining Centre and Turning) എന്ന കോഴ്സ് 10 മാസത്തേക്ക് താമസ സൗകര്യം, ഭക്ഷണം. യൂണിഫോം എല്ലാ ചിലവുകൾ ഉൾപ്പെടെ 1,67,400/- രൂപ ഒരു വ്യക്തിക്ക് ചിലവഴിച്ച് മൊത്തം 50,22,000/- രൂപ ബഹുവർഷ പദ്ധതിയായി ആവിഷ്കരിച്ച് സെപ്തംബർ 2023-ൽ ക്ലാസുകൾ ആരംഭിക്കുകയും ആഗസ്ത് 2024ന് ക്ലാസുകൾ പൂർത്തീകരിച്ച് കോഴ്സ് പൂർത്തിയാക്കിയ 28 പേർ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. പദ്ധതി പൂർത്തീകരിച്ചു

4. മാന്തോട്ടം പട്ടികവർഗ്ഗ ഉന്നതിയിൽ കുടിവെള്ള സൌകര്യം അധിക തുക വകയിരുത്തൽ

കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിലെ മാന്തോട്ടം പട്ടികവർഗ്ഗ ഉന്നതിയിൽ കുടിവെള്ള സൌകര്യം അധിക തുക വകയിരുത്തുന്നതിനായി 438372/- രൂപ അനുവദിക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്യിട്ടുണ്ട്.

5. നൈപുണ്യവികസന പരിശീലന പദ്ധതി

ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ യുവാക്കൾക്ക് ജോലി ലഭ്യമാക്കുന്നതിന്റെ ഭാഗമായി തലശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന NTTF സ്ഥാപനം വഴി 30 പേർക്ക് Conventional & CNC Mechanist എന്ന കോഴ്സ് 10 മാസത്തേക്ക് താമസ സൗകര്യം, ഭക്ഷണം. യൂണിഫോം എല്ലാ ചിലവുകൾ ഉൾപ്പെടെ 1,50,300/- രൂപ ഒരു വ്യക്തിക്ക് ചിലവഴിച്ച് മൊത്തം 45,09,000//- രൂപ ബഹുവർഷ പദ്ധതിയായി ആവിഷ്കരിച്ച് 2025 നവംബർ മുതൽ ക്ലാസുകൾ ആരംഭിക്കുകയും 1806300/- രൂപ ചെലവഴിക്കുകയും ചെയ്യിട്ടുണ്ട്

ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ
കാസർഗോഡ്